# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 274** — **9.3.2015-ന് മറുപടിക്ക്**

### മിഷൻ 676 - ൽ പരിസ്ഥിതി സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ. വാഹീദ് | | തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

........

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പൊതുജന പങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2014 ജൂൺ 3-ാം തീയതി രാവിലെ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് സംസ്ഥാന മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടു പരിപാലിക്കുന്ന "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കി. |
| (സി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ; | (സി) | വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, സാമൂഹ്യ വനവൽക്കരണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, കുടുംബശ്രീ, പരിസ്ഥിതി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെയും വിവിധ തലത്തിലുള്ള കൂടിയാലോചനകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയ്ക്ക് രൂപം |

നൽകി നടപ്പിലാക്കിയത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശം സ്വീകരിക്കുന്നതിനും ആശയ-വിനിമയം നടത്തുന്നതിനും സാമൂഹ്യ വനവല്ക്കരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹരിതശ്രീ പോർട്ടൽ ആരംഭിച്ചു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

(ഡി) ഹരിതശ്രീ പദ്ധതിയുടെ നിർവ്വഹണച്ചുമതല സാമൂഹ്യവനവല്ക്കരണ വകുപ്പിനും കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകി. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി വനം-പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനും, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയ്ക്ക് 80 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ